കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കപ്പെട്ടിട്ടുള്ളവർ

*14 [353] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, എ. കെ. മണി:

,, എൻ. ശക്തൻ:

,, കെ. സി. വേണുഗോപാൽ:

,, കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ആർക്കെല്ലാം യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സൗജന്യത്തിന്റെ തോതെത്രയാണ്;

(സി) ഗവൺമെന്റ് നിർദ്ദേശപ്രകാരമാണോ സൗജന്യം നൽകുന്നത് എന്നറിയിക്കാമോ;

(ഡി) ഈ സൗജന്യം നൽകുന്നതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം യാത്രാക്കൂലിയിനത്തിൽ എന്തു തുക നഷ്ടമുണ്ടാകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾ, സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവമാർ, ഏഷ്യാഡ് ഗോൾഡ് വിന്നേഴ്സ്, ദ്രോണാചാര്യ, അർജ്ജുന അവാർഡ് ജേതാക്കൾ, എം.എൽ.എ., എം.പി., ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി, മുൻ എം.എൽ.എ., മുൻ എം.പി.-മാർ മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിമാർ, കെ.എസ്.ആർ.ടി.സി.-യുടെ ഡയറക്ടർമാർ, മുൻ ഡയറക്ടർമാർ, പത്രപ്രവർത്തകർ, അന്ധർ, വികലാംഗർ, ബധിരമൂകർ, ട്രാൻസ്പോർട്ട് തൊഴിലാളികൾ, [illegible]സിൽനിന്നും പിരിഞ്ഞ കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ എന്നിവർക്ക് സൗ[illegible]യാത്ര അനുവദിച്ചിട്ടുണ്ട്.

(ബി)	വിദ്യാർത്ഥികൾ	..	75 ശതമാനം
	വികലാംഗർ	..	70 ,,
	ബധിരമൂകർ	..	50 ,,
	അന്ധർ	..	100 ,,
	പത്രപ്രവർത്തകർ, സ്വാതന്ത്ര്യസമര സേനാനികൾ, ജീവനക്കാർ, പെൻഷൻകാർ	..	100 ,,

(സി) അതെ.

(ഡി) ഏകദേശം അഞ്ച് കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly